(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/ പി7/424/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ല കാര്യാലയം
ഫോൺ- 04952371012
ഇ-മെയിൽ;- dokkd.ksad@kerala.gov.in

തീയതിഃ 20-3-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കോരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ (ജനറൽ) കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെഎസ്എ/കെകെഡി/പി7/424/2017 തിയ്യതി:20-3-2017

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ പി ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2017 മുതൽ 27.02.2017. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ പി ഹരി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ശ്യാംജിത്ത് എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിമ്മി സി | ഓഡിറ്റർ(സീ.ഗ്രേ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ പി അബൂബക്കർ മാസ്റ്റർ | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീമതി.ശോഭന ഒ പി | 12.11.2015. മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.വിജയൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ.നിബു ടി കുര്യൻ | 01.06.2015 മുതൽ 17.08.2015 വരെ |
| | ശ്രീമതി.കബനി | 17.08.2015 മുതൽ 12.02.2016 വരെ |
| | ശ്രീ. മാധവൻ (ചാർജ്) | 13-2-2016 മുതൽ 17-2-2016 വരെ |
| | ശ്രീമതി.ഉഷ | 18.02.2016 മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനീയർ | ശ്രീ പി ഇബ്രാഹിം കുട്ടി | 01.04.2015. മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സ്മിത എം കെ | 01.04.2015മുതൽ 31.03.2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ശ്രീധരൻ | 01.04.2015. മുതൽ 15.10.2015 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ഷാജു കെ | 16.10.2015 മുതൽ 31.03.2016 വരെ |
| അസി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.രേഷ്മ എൻ.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ശാലിനി | 01.04.2015മുതൽ 31.03.2016 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സുമ പീറ്റർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി , തലക്കുളത്തൂർ | ഡോ.ഹമീദ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി, നരിക്കുനി | ഡോ.സുരേഷ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം-1പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് |

| | | |
|---|---|---|
| | | നിരീക്ഷണങ്ങൾ |
| 10 | 2-1 | വാർഷികകണക്കിലെ അപാകതകൾ |
| 12 | 2-2 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച്. |
| ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 3-1 | ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി. |
| 14 | 3-2 | കോൺക്രീറ്റ് പ്രവൃത്തികൾക്ക്- അധിക നിരക്ക് നൽകി. |
| 15 | 3-3 | ചീക്കിലോട് മുന്നൂർ കണ്ടിയിൽ റോഡ്- പൊട്ടിപ്പൊളിഞ്ഞ ഭാഗം നന്നാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 16 | 3-4 | കാലിത്തീറ്റ സബ്സിഡി നൽകിയത്- അപാകതകൾ |
| 17 | 3-5 | വനിത തൊഴിൽ സംരംഭം- ആട് വളർത്തൽ- പദ്ധതി നടപ്പാക്കിയതിലെ അപാകത |
| 18 | 3-6 | ഐ.കെ.എമ്മിന് കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് ലഭിച്ചില്ല. |
| 19 | 3-7 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ സെർവർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തില്ല. |
| 20 | 3-8 | സമഗ്ര നെൽകൃഷി വികസനം- കൂലിച്ചെലവ് സബ്സിഡി തുക വിതരണം ചെയ്തതിന് കൈപ്പറ്റ് രേഖകളില്ല. |
| 21 | 3-9 | സാറ്റലൈറ്റ് ഡയറി ഫാം പ്രോജക്ട് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനത്തിൽ ചെലവ് |
| 22 | 3-10 | എസ്.ജി.എസ്.വൈ വിപണന മേള- ചെലവിനത്തിലെ അവ്യക്തത |
| 23 | 3-11 | സാമൂഹ്യ സുരക്ഷ മിഷന് കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 24 | 3-12 | സമ്പൂർണ്ണ ശുചിത്വ പദ്ധതി – പഞ്ചായത്തിന് കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം |

| | | |
|---|---|---|
| | | ലഭിച്ചിട്ടില്ല. |
| 25 | 3-13 | ഐ. എ.വൈ പണി തീരാത്ത ഭവനങ്ങൾ – സംബന്ധിച്ച്. |
| 26 | 3-14 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുത്ത പ്രോജക്ട് നടപ്പിലാക്കി |
| 27 | 3-15 | പെയിൻ ആൻറ് പാലിയേറ്റീവ് പ്രോജക്ട് – വാഹന ഉപയോഗം- സംബന്ധിച്ച്. |
| ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 35 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 37 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2015-16 വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 159/14-15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 4-3-2016-ലെ 150/15-16 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

## 1-2 <u>വാർഷിക ധനകാര്യപത്രിക.</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 23.02.2017 | ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -31569323

വരവ് -93792862

ആകെ -125362185

ചെലവ് -85121882

നീക്കിയിരിപ്പ്-40240303

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റഡ് തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3316858 | 18186466 | 24101147 | 24101147 | 0 | +2597823 |
| വികസനഫണ്ട് എസ്.സി.പി. | 3970068 | 11444907 | 15414975 | 13059648 | 0 | (-)2355327 |
| വികസനഫണ്ട് ടി.എസ്.പി. | 242496 | 3000 | 245496 | 3000 | 0 | (-)242496 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1389792 | 1427703 | 2817495 | 2817495 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 72 | 11,63,57,962/- | 61 | 4,27,65,110/- | 10 | 1 | 84% |

## 1-7 തനത് വരുമാനം.

സ്ഥാപനത്തിന്റെ തനത് വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | ബാധകമല്ല | ബാധകമല്ല |
| നികുതിയേതര വരവുകൾ | 29,270/- | 8,085/ |
| മറ്റുവരവുകൾ | | |
| ആകെ | 29,270/- | 8,085/- |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4015/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.05.2015-14.05.2015 | 2016-17 | 65/BPAW/2016/DPAW 1.01.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2016- 28.12.2016 | 2011-12 - 2015-16 | LBA(HQ)V1/SA-2544/187 dted:31.01.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2015-16 ലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. മുൻവർഷങ്ങളിൽ ഇഷ്യു ചെയ്ത ഐ.എ വൈ ഗുണഭോക്താക്കൾക്കുള്ള ചെക്കുകൾ റിവാലിഡേറ്റ് ചെയ്യാതെ വാർഷിക കണക്കിൽ ചെലവായി കാണിച്ചിരിക്കുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 507589 | 25.03.2013 | 45,000/- |
| 2 | 508373 | 01.06.2013 | 75,750/- |
| 3 | 507492 | 14.02.2013 | 45,000/- |
| 4 | 508833 | 10.09.2013 | 6,625/- |
| 5 | 245105 | 28.04.2014 | 19,125/- |
| 6 | 245712 | 23.09.2014 | 6,000/- |
| ആകെ | | | 1,97,500/- |

3.വാർഷിക കണക്ക് പ്രകാരം 1,26,500/-രൂപ നിർവഹണ ഉദ്യോഗസ്ഥന് (അസി എക്സി.എഞ്ചിനീയർ)മുൻകൂറായി നൽകിയിട്ടുണ്ട്.എന്നാൽ മുൻകൂർ റജിസ്റ്ററിൽ ആയത് രേഖപ്പെടുത്തിയിട്ടില്ല.

4.19.09.2015 ന് മുൻകൂറായി ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് 50,000/-രൂപ നൽകിയിട്ടുണ്ട്.എന്നാൽ ആയത് വാർഷിക കണക്കിന്റെ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

## 2-2 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടത്-സംബന്ധിച്ച്

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ നിലവിൽ ഇടപാടുകളില്ലാതെ പലിശ മാത്രം ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ടുകളുടെ വിവരം

| ക്രമ നം | അക്കൗണ്ട് നം | ബാങ്ക് | പർപ്പസ് | 31.01.2017 ലെ ബാലൻസ് |
|---|---|---|---|---|
| 1 | 2889 | എസ് സി ബി,ചേളന്നൂർ | സാക്ഷരത | 7061/-<br>(31.03.16-ന്) |
| 2 | 1909101005535 | കാനറ ബാങ്ക് , ചേളന്നൂർ | എസ് ജി എസ് വൈ | 32,492/- |
| 3 | 1909101016372 | കാനറ ബാങ്ക് ,ചേളന്നൂർ | സോഷ്യോ എക്കോമിക് സർവെ | 1,23,404/- |
| 4 | 1909101026262 | കാനറ ബാങ്ക് , ചേളന്നൂർ | ഐ എ വൈ | 85,561/- |

ആയത് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി

2015-16വർഷം VG-30ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്തിൽ റോഡ് ടാറിംഗ് പ്രവർത്തികൾ ചെയ്തത്.ഈ ബിറ്റുമിന് ഡി.എസ്.ആർ നിരക്ക് ടണ്ണിന് 41000-രൂപയാണ്.ഇതിന്റെ കോസ്റ്റ് ഇൻഡക്സ് (1.381) ഉൾപ്പെടുന്ന തുകയാണ് നിരക്ക് അനുവദിച്ചപ്പോൾ ടാറിന് കണക്കാക്കിയത്. ജി.ഒ (ആർ.ടി) 789/2014 ത.സ്വ.ഭ.വ തി.18.3.2014 പ്രകാരം റോഡ് പ്രവർത്തിക്ക് ടാറിന്റെ വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതായത് ബിറ്റുമിന് മാർക്കറ്റ് വില ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കാമായിരുന്നു.

13.2.2014ലെ ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/6512/2013നമ്പർ സർക്കുലർ ഖണ്ഡിക 5പ്രകാരം ഡി.എസ്.ആർ ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാവുന്നതാണ്. ഇതിൽ ഡി.എസ്.ആർ. ൽ ഉള്ളതിന് ആ നിരക്കും, ആല്ലാത്തവയ്ക്ക് മാർക്കറ്റ് നിരക്കും നൽകാം. 1% വാട്ടർചാർജ്ജ്, 15% സി.പി & ഒ.എച്ച് എന്നിവ നൽകിയ ശേഷം കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിക്കുമ്പോൾ മാർക്കറ്റ് നിരക്ക് നൽകിയതിനെ ഒഴിവാക്കണം . ഇവിടെ ഡി.എസ്.ആർ നിരക്ക് പ്രകാരം VG-30 ബിറ്റുമിന് 41000 രൂപയാണ്. എന്നാൽ ഐ.ഒ.സി നിരക്ക് 2015-16 വർഷം 41000 രൂപയിൽ കുറവാണ്. അതായത് മാർക്കറ്റ് നിരക്ക് ഡി.എസ്.ആർ നേക്കാൾ കുറവാണ്. കൂടാതെ ഡി.എസ്.ആർ കോഡ് 16.30.1,16.32.2 മറ്റ് ഒബ്സേർവ്ഡ് ഡാറ്റയിൽ വി.ജി-30 ബിറ്റുമിൻ മാത്രം അല്ല ടാർ ഉള്ളത്. വി.ജി -10ബിറ്റുമിൻ ഇമെൻഷൻ എന്നിവയുമുണ്ട്. എന്നാൽകേരളത്തിലെ സാഹചര്യം പരിഗണിച്ച് മേൽ കോഡിൽ. വി.ജി 30 മാത്രം ഉൾപ്പെടുത്തിയാണ് നിരക്ക് തയ്യാറാക്കിയത്. അതായത് ഇത് ഒബ്സേർവ്ഡ് ഡാറ്റയാണ്. VG-30 യ്ക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം (ഐ.ഒ.സി നിരക്ക്) ഉൾപ്പടുത്തിയിരുന്നെങ്കിൽ ടാറിന്റെ വിലയ്ക്ക് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കാമായിരുന്നു. അല്ലെങ്കിൽ മാർക്കറ്റ് വിലയേക്കാൾ കൂടുതലായ 41000രൂപ തന്നെ പരിഗണിച്ചാൽ 1.381 കോസ്റ്റ് ഇൻഡക്സ് ഗുണിച്ചത് അധികം ആണ്. ഇപ്രകാരം 38.1% തുക VG-30യ്ക്ക് അധികം അനുവദിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ എസ്റ്റിമേറ്റ്/ കരാറുകാരന്റെ പേര്/ ബിൽ നമ്പർ/ തുക/ എം ബുക്ക്/ ടെണ്ടർ | വിനിയോഗിച്ച ടാർ | അനുവദിച്ച തുക ടണ്ണിന് 41000X 1.381 കോസ്റ്റ് ഇൻഡക്സ് | അനുവദി ക്കേണ്ടത് ടണ്ണിന് 41000 | അധികം |
|---|---|---|---|---|---|
| 1 | പി എച്ച് സി കോറോത്ത് പൊയിൽ റോഡ്<br>ബിൽ നമ്പർ:21/29.02.2016 തുക: 3,32,150/-<br>കരാറുകാരൻ: പി ശശിധരൻ<br>എം.ബുക്ക്:17/15-16<br>ടെണ്ടർ ബിലോ-5.1% | ഇനം 5-<br>ടാക് കോട്ട്-546.02ച.മീ<br>546.02X.75=409.52<br>ഇനം 6-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>546.02x1.44=786.29<br>ഇനം 7-<br>സീൽ കോട്ട്<br>546.02x.98=531.1<br>ആകെ-1730.91 | 1.73091x41000X 1.381x94.9/100<br>=93008 | 1.73091X 41000x94.9/100<br>=67348 | 25660 |
| 2 | പാവും പൊയിൽ റോഡ് പൂർത്തീകരണം<br>ബിൽ നമ്പർ:30/31.03.2016 തുക: 4,83,000/-<br>കരാറുകാരൻ: വി.അശറഫ്<br>എം.ബുക്ക്:04/2011-12 | ഇനം 5<br>ലെവലിംഗ് കോഴ്സ്-8.01ഘ.മീ<br>8.01X20=160.2<br>ഇനം 7-<br>ടാക് കോട്ട്-<br>932.35x0.5=466.18 | 2.8834x41000X 1.381X96.6/100<br>=157710 | 2.8834X 41000x96.9/100<br>=114555 | 43155 |

| | | | | | |
|---|---|---|---|---|---|
| | ടെണ്ടർ ബിലോ-3.4% | ഇനം 8-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>932.35x1.44=1343<br>ഇനം9-<br>സീൽ കോട്ട്<br>932.35X.98=914 kg<br>ആകെ-2883.38 | | | |
| 3 | നമ്പുകുന്നത്തര താഴം കല്ലുമ്മൽ താഴം റോഡ്<br>ബിൽ നമ്പർ22/29.02.2016 തുക: 487250/-<br>കരാറുകാരൻ: വിനോദ് എം<br>എം.ബുക്ക്:20/15-16<br>ടെണ്ടർ ബിലോ-2.55% | ഇനം 7<br>ടാക് കോട്ട്-1116.25<br>1116.25X.5=558.12<br>ഇനം 5-<br>ലെവലിംഗ് കോഴ്സ്-13.55 ഘ മീ<br>13.55 x20=271 kg<br>ഇനം 8-<br>ചിപ്പിംഗ് കാർപ്പറ്റ് -<br>1116.25x1.44=1607.4<br>ഇനം 9-<br>സീൽ കോട്ട്-<br>1116.25x.98=1094<br>ആകെ-3530.52 | 3.5305x41000X 1.381X97.45/100<br>=<br>194803 | 3.5305X 41000x97.45/100<br>=141059 | 53744 |
| 4 | അരീപ്പറത്ത്മുക്ക് വെസ്റ്റ് സ്കൂൾ റോഡ്<br>ബിൽ നമ്പർ:26/23.03.2016 തുക: 5,94,9000/-<br>കരാറുകാരൻ: സുനി എം<br>എം.ബുക്ക്:14/2012-13<br>ടെണ്ടർ ബിലോ-0.85% | ഇനം 1<br>-ലെവലിംഗ് കോഴ്സ്<br>14.008X20=280.16<br>ഇനം 3-<br>ടാക് കോട്ട്<br>1359.2x0.5=679.6<br>ഇനം 5-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>1359.2x1.44=1957.25<br>ഇനം 6-<br>സീൽ കോട്ട്- | 4.249x41000X 1.381x99.15/100<br>=<br>238538 | 4.249X 41000x99.15/100<br>=172728 | 65810 |

| | | | | | |
|---|---|---|---|---|---|
| | | 1359.2x.98=1332.02<br>ആകെ-4249.03 | | | |
| 5 | ചാലിൽതാഴം പറമ്പിൽ ബസാർ റോഡ്<br>ബിൽ നമ്പർ:27/23.03.2016<br>തുക: 4,89,000/-<br>കരാറുകാരൻ: സുനി എം എൻ<br>എം.ബുക്ക്:25/15-16<br>ടെണ്ടർ ബിലോ-2.2% | ഇനം 5<br>ലെവലിംഗ് കോഴ്സ്-50.2 ഘ മീ<br>50.2X20=1000.4<br>ഇനം 7-<br>ടാക് കോട്ട്<br>753.75x0.5=376.87<br>ഇനം 8-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>753.75x1.44=1085.4<br>ഇനം 9-<br>സീൽ കോട്ട്-<br>753.75x.98=738.68<br>ആകെ-3201.35 | 3.2014x41000X 1.381x97.8/100<br>=<br>177279 | 3.2014X 41000x97.8/100<br>=128370 | 48909 |
| 6 | കൈറ്റേരി മുക്ക് ആനാട്ടുപൊയിൽ റോഡ്<br>ബിൽ നമ്പർ:13/30.01.2016<br>തുക: 578700/-<br>കരാറുകാരൻ: വിനോദ് എം<br>എം.ബുക്ക്:09/15-16<br>ടെണ്ടർ ബിലോ-3.55% | ഇനം 13<br>ടാക് കോട്ട്-378.96<br>378.96X.75=284.22<br>ഇനം 14-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>378.96x1.44=545.7<br>ഇനം 15-<br>സീൽ കോട്ട്<br>378.96x.98=371.38<br>ആകെ-1201.3 | 1.2013x41000X 1.381x96.45/100<br>=<br>65604 | 1.2013X 41000x96.45/100<br>=47505 | 18099 |
| 7 | പുളിയങ്കുന്നമ്മൽ എസ് സി റോഡ്<br>ബിൽ നമ്പർ:12/30.01.2016<br>തുക: 759200/-<br>കരാറുകാരൻ: ശശിധരൻ പി | ഇനം 1<br>ലെവലിംഗ് കോഴ്സ്-<br>11.93X20=238.6<br>ഇനം 3-<br>ടാക് കോട്ട്<br>1497.08x.5=738.54 | 4.6x41000X 1.381x94.9/100<br>=<br>247173 | 4.6X 41000x94.9/100<br>=178981 | 68192 |

| | | | | | |
|---|---|---|---|---|---|
| | എം.ബുക്ക്:2/15-16<br>ടെണ്ടർ ബിലോ-5.1 | ഇനം 4-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>1497.08x1.44=2155.8<br>ഇനം 5-<br>സീൽ കോട്ട്-1497.08x0.98=1467.14<br>ആകെ-4600.08 | | | |
| 8 | ബദിരൂർ വടക്കെ പുനത്തിൽ റോഡ്<br>ബിൽ നമ്പർ:23/29.02.2016<br>തുക: 213400/-<br>കരാറുകാരൻ:വി അഷറഫ്<br>എം.ബുക്ക്:21/15-16<br>ടെണ്ടർ ബിലോ-1% | ഇനം 6<br>ടാക് കോട്ട്-295.62<br>295.62X.75=221.72<br>ഇനം 7-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>295.62x1.44=425.7<br>ഇനം 8-<br>സീൽ കോട്ട്<br>295.62x.98=289.71<br>ആകെ-937.13 | 0.9371x41000X 1.381x99/100<br>=<br>52529 | 0.9371X 41000x99/100<br>=38037 | 14492 |
| 9 | പറമ്പത്ത് പാവയിൽ ചീർപ്പ് റോഡ്<br>ബിൽ നമ്പർ:14/30.012016<br>തുക: 741992/-<br>കരാറുകാരൻ:അഷറഫ് വി<br>എം.ബുക്ക്:8/15-16<br>ടെണ്ടർ ബിലോ-3.7% | ഇനം 8<br>ടാക് കോട്ട്-<br>127.8x.75=95.85<br>ഇനം 9-<br>ടാക് കോട്ട്<br>674.34x0.5=337.17<br>ഇനം 10-<br>ചിപ്പിംഗ് കാർപ്പെറ്റ്<br>802.14x1.44=1155.08<br>ഇനം 11-<br>സീൽ കോട്ട്<br>802.14x.98=786.1<br>ഇനം 12-<br>ലെവലിംഗ് കോഴ്സ്-<br>8.21x20=164.2 | 2.5384x41000X 1.381X96.3/100<br>=<br>138409 | 2.5384X 41000x96.3/100<br>=100224 | 38185 |

| | | | | | |
|---|---|---|---|---|---|
| | | ആകെ-2538.4 | | | |
| 10 | ചീക്കിലോട് മുന്നൂർ കണ്ടിയിൽ റോഡ്<br>ബിൽ നമ്പർ:28/23.03/2016<br>തുക: 752160/-<br>കരാറുകാരൻ:പി പി മൊയ്തീൻ കോയ<br>എം.ബുക്ക്:23/10-11,18 /2011-12<br>ടെണ്ടർ ബിലോ-0.1% | ഇനം 11<br>ടാക് കോട്ട്-<br>153.53X.75=115.15<br>ഇനം 12-<br>ലെവലിംഗ് കോഴ്സ്<br>8.15x20=163<br>ഇനം 14-<br>ടാക് കോട്ട്<br>1000x0.5=500<br>ഇനം-15-<br>ചിപ്പിംഗ് കാർപ്പെറ്റ്-<br>1160x1.44=1670.4<br>ഇനം 16-<br>സീൽ കോട്ട്<br>1160x0.98=1136.8<br>ആകെ-3585.35 | 3.5854x41000X 1.381x99.9/100<br>=<br>202806 | 3.5854X 41000x99.9/100<br>=146854 | 55952 |
| 11 | പുന്നശ്ശേരി എള്ളും പുറായിൽ റോഡ്<br>ബിൽ നമ്പർ:20/29.02.2016<br>തുക: 568092<br>കരാറുകാരൻ: പി ശശിധരൻ<br>എം.ബുക്ക്:18/15-16<br>ടെണ്ടർ ബിലോ-5.1% | ഇനം 1<br>ലെവലിംഗ് കോഴ്സ്-<br>7.66X20=153.2<br>ഇനം 9-<br>ടാക് കോട്ട്<br>76.6x.5=38.3<br>ഇനം 10-<br>ടാക് കോട്ട്<br>700.6x.75=525.45<br>ഇനം 11-<br>ചിപ്പിംഗ് കാർപ്പറ്റ്<br>777.2x1.44=1119.17<br>ഇനം 12-<br>സീൽ കോട്ട്<br>777.2x.98=761.66 | 2.5978x41000X 1.381x94.9/100<br>=139588 | 2.5978X 41000x94.9/100<br>=101078 | 38510 |

| | | | | | |
|---|---|---|---|---|---|
| | | ആകെ-2597.78 | | | |

മേൽ തുക 4,70,708/- രൂപ ഉത്തരവാദികളായവരിൽ നിന്ന് തിരിച്ച് ഈടാക്കേണ്ടതാണ്.

## 3-2 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.

2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണ്. ഇതിന് ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സായ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം ഫ്ലോറിംഗിന് ഉപയോഗിക്കുന്ന കോഡ് ആയ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ ഒരു ഘനമീറ്ററിന് 5466.3 രൂപയും അതിന്റെ 1.381 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7548 .96 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ.ഗുണഭോക്തൃ കമ്മറ്റികളാണ് പ്രവൃത്തി നടത്തുന്നതെങ്കിൽ അനുവദിച്ചത് 6916 രൂപയും അനുവദിക്കേണ്ടത് 6564 .29 രൂപയുമാണ്.

നിരക്ക് അധികം നൽകിയതിലൂടെ ഈ ഇനത്തിന് അധികം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്/ പ്രോജക്ട്നം./എം. ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ,തുക | ചെയ്ത ഇനം/വോള്യം | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | ജിയോളജിക്കൽ മേപ്പാടിചാലിൽ റോഡ്<br>57/16(പ്രൊ.നം)<br>07/15-16(എം ബുക്ക് നമ്പർ )<br>കരാറുകാരൻ-എം രാമചന്ദ്രൻ<br>ബിൽ നം.-11/30.01.2016<br>തുക-765339/- | ഇനം 5<br>41.99 ഘ.മീ | 41.99X7953.46<br>=333966 | 41.99X 7548 .96<br>=316981 | 16985 |

മേൽ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് 28.9.15 ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി/സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് അയച്ച ഡി.ബി4-9099/2015/സി.ഇ/തസ്വഭവ നമ്പർ കത്തിൽ, ചെറിയ റോഡ് പ്രവൃത്തികൾ അടിയന്തിര മായി ചെയ്യേണ്ടുന്ന പക്ഷം ഡി.എസ്.ആർ.കോഡ് 16.42 പ്രകാരം സി.സി 1:2:4 ചെയ്യാമെന്നും അല്ലാത്തപക്ഷം വാഹനഗതാഗതം ഉള്ള റോഡുകൾക്ക് സി.സി 1:4:8 ന് 10 മുതൽ 15 സെന്റീ മീറ്റർ വരെ ഘനത്തിലും 1:2:4 ന് 5 മുതൽ 7.5 സെന്റീമീറ്റർ വരെ ഘനത്തിലുമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ കാണിച്ച റോഡ് പ്രവൃത്തിയിൽ 1 :2 :4 പരമാവധി ഘനമായ 7.5 സെ.മീറ്ററിൽ ആണ് ചെയ്തത്. വാഹന ബാഹുല്യത്തിന് അനുസൃതമായിരിക്കണം 1:2:4 ന്റെ ഘനത്തിലുള്ള വ്യതിയാനമെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവിടെ പരമാവധി ഘനത്തിൽ കോൺക്രീറ്റ് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 3-3 ചീക്കിലോട് മുന്നൂർ കണ്ടിയിൽ റോഡ്-പൊട്ടിപ്പൊളിഞ്ഞ ഭാഗം നന്നാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിൽ നം-28/23.03.2016

തുക-7,52,160/-

കരാറുകാരൻ-പി പി മൊയ്തീൻ കോയ

മേൽ റോഡ് പ്രവർത്തിയുടെ ഭാഗമായി 7,52,913/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പ്രധാനമായും ടാറിംഗ് പ്രവർത്തിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.ഇനം 17,18എന്നത് 30 മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ 10 സെ മീ.ഘനത്തിൽ 1:4:8 സിമെന്റ് കോൺക്രീറ്റും അതിന് മുകളിൽ 1:2:4 സിമെന്റ് കോൺക്രീറ്റും ചെയ്യുക എന്നതാണ്.എന്നാൽ എം ബുക്ക് (23/10-11,18/11-12)പരിശോധിച്ചതിൽ 95 മീറ്റർ നീളത്തിൽ 1:1 വീതിയിൽ ഒരു ഐറിഷ് ഡ്രൈനേജ് ഉണ്ടാക്കിയതിനാണ് മേൽ കോൺക്രീറ്റ് വിനിയോഗിച്ചത്.തുടർന്ന് 27.02.2016 ന് സ്ഥലം സന്ദർശിച്ചതിൽ ഈ ഐറിഷ് ഡ്രൈനേജിന്റെ ചില ഭാഗങ്ങൾ പൊട്ടി പൊളിഞ്ഞതായി കാണാൻ കഴിഞ്ഞു.പ്രവൃത്തിയുടെ ഫേം പിരീഡ് നിലനിൽക്കുന്നതിനാൽ പൊട്ടിപൊളിഞ്ഞ ഭാഗം കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ എത്രയും പെട്ടന്ന് നന്നാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കാലിത്തീറ്റ സബ്സിഡി നൽകിയത്-അപാകതകൾ

2015–16 വർഷത്തിൽ ക്ഷീര വികസന ഓഫീസർ നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി എന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 64 / 16 |
| ഭരണാനുമതി | 151 / 15 -16 തിയ്യതി 26.02.2015 |
| അംഗീകാരം നല്കിയത് | ശ്രീ.ജോഷി ജോസഫ് , ഡെപ്യൂട്ടി ഡയറക്ടർ 25.05.2015 ലെ 18 / 2015 -16 dairykkd നമ്പർ ഉത്തരവ് പ്രകാരം. |
| ആകെ ചെലവ് | 20 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് |
| ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ / തിയ്യതി ,തുകകൾ | 02/2015 -16 തിയ്യതി 17.03.2016 , 1105551 രൂപ<br>04/2015 -16 തിയ്യതി 26.03.2016 , 136890 രൂപ<br>3/ 15-16 തിയ്യതി 26.03.2016 , 757559 രൂപ<br>ആകെ 20 ലക്ഷം രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി.എം.കെ സ്മിത , ക്ഷീര വികസന ഓഫീസർ |

വിവിധ ക്ഷീരസംഘങ്ങളിൽ ഗുണഭോക്താക്കൾ അളന്നു നല്കിയ പാലിന്റെ അളവിന് അനുസൃതമായി സംഘങ്ങൾ മുഖേനയാണ് സബ്സിഡി വിതരണം ചെയ്തത്.

പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1) ാം വകുപ്പ് നാലാം പട്ടികയിൽ പരാമർശിക്കുന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഇനം IIപ്രകാരം മൃഗസംരക്ഷണമേഖലയിൽ ഇത്തരത്തിൽ കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതികൾ നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയല്ല. ജി.ഒ (ആർ.ടി )2613/19/19/ത.സ്വ.ഭ.വ 10-10-14 പ്രകാരം ക്ഷീര സംഘങ്ങൾ വഴിയുള്ള കാലിത്തീറ്റ വിതരണ പദ്ധതിയുടെ നിർവ്വഹണം ഇരട്ടിപ്പു വരുത്താതെ നടപ്പിലാക്കാൻ ബ്ലോക്കിന് അനുവാദം നൽകിയിട്ടുണ്ട്.

2. കേരള ഫീഡ്സ് / മിൽമ എന്നീ കാലിത്തീറ്റ വിതരണക്കാരുടെ കാഷ് ബില്ലുകൾ, വിവിധ ക്ഷീര സംഘങ്ങളിൽ നിന്നും ഇവർക്ക് തുക കൈമാറിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. പദ്ധതി നടപ്പാക്കിയതിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

ക്രമ നമ്പർ 2,3 എന്നിവയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 20 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 വനിത തൊഴിൽ സംരംഭം - ആട് വളർത്തൽ - പദ്ധതി നടപ്പാക്കിയതിലെ അപാകത

2015 -16 വർഷത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വനിതകൾക്കു വേണ്ടി നടപ്പാക്കിയ ആട് വളർത്തൽ പദ്ധതിയിൽ അപാകതകൾ ഉള്ളതായി കാണുന്നു. പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 5 /16 |
| വകയിരുത്തിയ തുക | 840000 രൂപ |
| ചെലവഴിച്ച തുക | 840000 രൂപ |
| ഭരണാനുമതി | 151 / 2015 -16 തിയ്യതി 26.02.2015 |
| അംഗീകാരം നല്കിയത് | ശ്രീമതി ഇന്ദിര എ.ജി, വുമൺ വെൽഫയർ ഓഫീസർ. 23.05.2015 ലെ 004 / dwwo / chlnr / 15- 16 ഉത്തരവ് പ്രകാരം. |
| ട്രഷറി ബിൽ നമ്പർ , തുക | 5200020180 / 31.03.2016 , 840000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. |

10 പേർ അടങ്ങുന്ന കുടുബശ്രീയുടെ ഒരു ആട് വളർത്തൽ യൂണിറ്റിലെ ഓരോ ആൾക്കും 3 ആടുകൾ വീതം വാങ്ങുന്നതിന് ധനസഹായം നല്കുന്നതാണ് പദ്ധതി. ഓരോ യൂണിറ്റിനും 120000 രൂപ സബ്സിഡി നല്കിയിട്ടുണ്ട്. 120000 രൂപ ബാങ്ക് ലോണും ഉണ്ട്. സബ്സിഡി തുക, യൂണിറ്റുകൾ ലോൺ എടുത്തിട്ടുള്ള ബാങ്കുകളിലേക്കാണ് നല്കിയത്. നല്കിയ സബ്സിഡി തുകയുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

| ക്രമ നമ്പർ | ആട് വളർത്തൽ യൂണിറ്റിന്റെ പേര് | സബ്സിഡി തുക (രൂപ) | സബ്സിഡി തുക കൈപ്പറ്റിയത് | തുക നല്കിയ ബാങ്കേഴ്സ് ചെക്ക് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1. | സ്നേഹ , പാണ്ടിക്കോട് , നൻമണ്ട | 120000 | സെക്രട്ടറി, നൻമണ്ട SCB | 206252 / 06.04.2016 |
| 2. | കാരാട്ട് , നൻമണ്ട | 120000 | മാനേജർ, KGB, നൻമണ്ട | 206253 / 06.04.2016 |
| 3. | നൻമ , കക്കോടി | 120000 | സെക്രട്ടറി, SCB, കക്കോടി | 206254 / 06.04.2016 |
| 4. | സ്റ്റാർ , കക്കോടി | 120000 | സെക്രട്ടറി, ചേളന്നൂർ SCB | 206255 / 06.04.2016 |
| 5. | വാരംപൊയിൽ, ചേളന്നൂർ | 120000 | സെക്രട്ടറി, ചേളന്നൂർ SCB | 206256 / 06.04.2016 |
| 6. | തുളസി, ചേളന്നൂർ | 120000 | സെക്രട്ടറി, ചേളന്നൂർ SCB | 206257 / 06.04.2016 |

| | | | | |
|---|---|---|---|---|
| 7. | നൻമ, ചേളന്നൂർ | 120000 | മാനേജർ,കാനറ ബാങ്ക് , ചേളന്നൂർ | 206258 / 06.04.2016 |

ആകെ 840000 രൂപ

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. അംഗീകരിച്ച പ്രോജക്ടിന്റെ രൂപീകരണ ഫോറം പ്രകാരം മൃഗസംരക്ഷണമേഖലയിലാണ് പ്രോജക്ട് ഉൾപ്പെടുന്നത്. എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1) ാം വകുപ്പ് നാലാം പട്ടികയിൽ പരാമർശിക്കുന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഇനം IIപ്രകാരം മൃഗസംരക്ഷണമേഖലയിൽ ഇത്തരം ആട് വിതരണ പദ്ധതികൾ നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ പെടുന്നില്ല.

2. മുൻകൂട്ടി നിശ്ചയിച്ച അർഹത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തി , അതാത് പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങിയ ശേഷമാണ് പദ്ധതി നടപ്പാക്കിയത് എന്നുറപ്പ് വരുത്തുന്ന പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

840000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-6 ഐ.കെ.എമ്മിന് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് ലഭിച്ചില്ല

2015-16 വർഷത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഐ.കെ.എം വിഹിതമായി കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 86 / 16 |
| ഐ.കെ.എമ്മിന് കൈമാറിയ തുക | 35646 രൂപ |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 52000020181 / 31.03.2016 , 35646 രൂപ |
| ഡിഡി നമ്പർ / തിയ്യതി , തുക | 206119 / 05.04.2016 , 35646 രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. |

സ.ഉ.(സാ)1228 / 2016 / തസ്വഭവ 08.03.2016 പ്രകാരമാണ് തുക കൈമാറിയത് എന്നു കാണുന്നു. കൈമാറിയ തുകക്കുള്ള കൈപ്പറ്റ് രശീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. 35646 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലക്ക് വാങ്ങിയ കമ്പ്യൂട്ടർ സെർവർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തില്ല

2015-16 വർഷത്തിൽ ബ്ലോക്ക് ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ സർവർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 21 / 16 |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് ഓഫീസിലേക്ക് സാംഖ്യ സർവർ വാങ്ങൽ |
| ചെലവ് തുക | 136990 രൂപ |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 5 /15 -16 തിയ്യതി 26.09.2015 , 136990 രൂപ |
| ബാങ്കേഴ്സ് ചെക്ക് നമ്പർ / തിയ്യതി ,തുക | 203422 / 06.10.2015 , 136990 രൂപ |
| സെർവർ വിതരണം ചെയ്ത ഏജൻസി | കെൽട്രോൺ |

| | |
|---|---|
| കെൽട്രോൺ ഇൻവോയ്സ് നമ്പർ | ITBG / 15-16 /688 /ITP / 273 09.05.2015 |
| നല്കിയ തുകക്ക് കെൽട്രോണിൽ നിന്നും ലഭിച്ച രശീത് നമ്പർ | 523 / 19.10.2015 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. |

HP Ml 310 e Gen 8 സർവറും അനുബന്ധ ഉപകരണങ്ങളുമാണ് 130467 രൂപക്ക് (വാറ്റ് 5 % 6523 രൂപ) കെൽട്രോണിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ വാങ്ങിയത്. വാങ്ങിയ സർവർ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

കൂടാതെ ജി.ഒ (പി) / 1 / 2006 എസ്.പി.ഡി 02.02.2006 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ / അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വിലയിൽ അധികരിക്കുവാൻ പാടുള്ളതല്ല. അങ്ങനെ വരുന്നുണ്ടെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ സർക്കാർ ഉത്തരവ് ഇവിടെ പാലിച്ചതായി കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 136990 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-8** <u>സമഗ്ര നെൽ കൃഷി വികസനം - കൂലിച്ചെലവ് സബ്സിഡി തുക വിതരണം ചെയ്തതിന് കൈപ്പറ്റ് രേഖകളില്ല</u>

അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, 2015 – 16 വർഷം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ സമഗ്ര നെൽ കൃഷി വികസനം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 67 /16 |
| ചെലവ് തുക | 28199 രൂപ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തുക | എൽ.എസ്.ജി.ഐ 1 /2015 – 16, തീയ്യതി 26-3-2016<br>28199 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. രേഷ്മ എൻ.ആർ , അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |

നെൽകൃഷി കർഷകർ, പാടശേഖര സമിതികൾ എന്നിവർക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി നല്കുകയാണ് ഈ പ്രോജക്ടിലൂടെ ചെയ്തിട്ടുള്ളത്.

വിതരണം ചെയ്ത സബ്സിഡി തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | പാടശേഖര സമിതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | കൂലിച്ചെലവ് ഇനത്തിൽ നല്കിയ സബ്സിഡി |
|---|---|---|---|---|
| 1. | തലക്കുളത്തൂർ | ദേവസ്വം വയൽ പാടശേഖരം | 16 | 2635.2 രൂപ |
| 2. | തലക്കുളത്തൂർ | പാക്കവയൽ പാടശേഖരം | 20 | 4039.2 രൂപ |
| 3. | തലക്കുളത്തൂർ | വള്ളിക്കാട്ട് കാവ് പാടശേഖരം | 22 | 2527.2 രൂപ |
| 4. | തലക്കുളത്തൂർ | 6 ാം വാർഡ് പാടശേഖരം | 3 | 997.2 രൂപ |
| 5. | ചേളന്നൂർ | - | 41 | 9000 രൂപ |

| | | | | |
|---|---|---|---|---|
| 6. | നൻമണ്ട | - | 23 | 9000 രൂപ |

ആകെ 28199 രൂപ

സബ്സിഡി തുകകൾ വിതരണം ചെയ്യതിനുള്ള കൈപ്പറ്റ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെയും 28199 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 സാറ്റലൈറ്റ് ഡയറി ഫാം പ്രോജക്ട് - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനത്തിൽ ചെലവ്

2015 -16 വർഷത്തിൽ ക്ഷീര വികസന ഓഫീസർ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ സാറ്റലൈറ്റ് ഡയറി ഫാം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 63/16 |
| പ്രോജക്ടിന്റെ പേര് | സാറ്റലൈറ്റ് ഡയറി ഫാം (വനിത )<br>(വനിത ഘടക പദ്ധതി ) |
| ഭരണാനുമതി | 151 / 15 -16 തിയ്യതി 26.02.2015 |
| അംഗീകാരം നല്കിയത് | ശ്രീ.ജോഷി ജോസഫ് .ഡെപ്യൂട്ടി ഡയറക്ടർ. 23.05.2015 ലെ 14 / 2015 -16 dairy kkd ഉത്തരവ് പ്രകാരം. |
| ചെലവ് തുക | 18 ലക്ഷം രൂപ (വികസന ഫണ്ട് )<br>18 ലക്ഷം രൂപ(ഗുണഭോക്തൃ വിഹിതം ) |
| പ്രോജക്ട് ഉൾപ്പെടുന്ന മേഖല | മൃഗ സംരക്ഷണം |
| ട്രഷറി ബിൽ നമ്പർ , തുക | 1 / 2015 – 16 തിയ്യതി 15.02.2016 ,<br>18 ലക്ഷം രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി.സ്മിത എം.കെ , DEO |

20 ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ രൂപവല്ക്കരിച്ച സാറ്റലൈറ്റ്

ഡയറി ഫാം ഗ്രൂപ്പുകൾക്കുള്ള ധനസഹായമായാണ് വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ ,അതാത് സംഘങ്ങൾക്ക് കൈമാറിയത്. 5 കർഷകർ വീതം അടങ്ങുന്ന ഓരോ ഗ്രൂപ്പിനും 5 പശുക്കളെ വീതം വാങ്ങുന്നതിനാണ് ധനസഹായം.120 പശുക്കളുടേയും ഇൻഷ്വറൻസ് പരിരക്ഷ, ഫാമുകളുടെ നടത്തിപ്പ്, നിലനിർത്തൽ എന്നിവ ഗുണഭോക്താക്കളുടെ ഉത്തരവാദിത്തമാണ്.

ഇക്കാര്യങ്ങൾ അംഗീകരിച്ച പ്രോജക്ടിന്റെ രൂപീകരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വനിത ഘടക പദ്ധതിയിലാണ് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

| മുൻഗണന മാനദണ്ഡം | മാർക്ക് |
|---|---|

| | |
|---|---|
| ഉല്പാദകർ കൂടുതലുള്ള ക്ഷീരസംഘം | 20 |
| വനിത അംഗങ്ങൾ കൂടുതലുള്ള ഗ്രൂപ്പുകൾ | 20 |
| വനിത കുടുംബനാഥയായ കുടുബങ്ങളുള്ള ഗ്രൂപ്പുകൾ | 20 |
| ശാരീരിക മാനസിക വൈകല്യമുള്ള കുടുംബാംഗങ്ങളുള്ള ഗ്രൂപ്പുകൾ | 20 |
| പശു വളർത്തൽ മുഖ്യ വരുമാന മാർഗ്ഗമായ അംഗങ്ങൾ കൂടുതൽ ഉള്ള ഗ്രൂപ്പുകൾ | 20 |

പ്രോജക്ട് രൂപീകരണ ഫോറത്തിലെ ക്രമനമ്പർ 44 പ്രകാരം പ്രോജക്ട് നടപ്പാക്കുമ്പോൾ മോണിറ്ററിങ്ങിന് വിധേയമാക്കേണ്ട ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

| മോണിറ്ററിങ്ങിന് വിധേയമാക്കേണ്ട ഘട്ടം | മോണിറ്ററിങ്ങിന് വിധേയമാക്കേണ്ട ഘടകം |
|---|---|
| ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് | മുൻഗണന ക്രമം പാലിച്ചിട്ടുണ്ടോ ? |
| പശുക്കളെ വാങ്ങൽ | ഗുണനിലവാരം ഉറപ്പ് വരുത്തൽ |
| പാല് സംരക്ഷണം | ഉല്പാദനത്തിന്റെ അളവ് ഉറപ്പ് വരുത്തൽ |
| പൊതുവിപണനം | ക്ഷീരസംഘത്തിൽ പാൽ ഉറപ്പ് വരുത്തൽ |

വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 18 ലക്ഷം രൂപ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര കർഷക ഗ്രൂപ്പ് | ബ്ലോക്ക് വിഹിതമായി ലഭിച്ച ധനസഹായം (രൂ) | ഗ്രൂപ്പിന് വേണ്ടി തുക കൈപ്പറ്റിയ ക്ഷീര സംഘം | ഡിഡി നമ്പർ / തിയ്യതി |
|---|---|---|---|---|
| 1. | സുനന്ദിനി | 75000 | പാലങ്ങാട് | 209789/ 18.02.2016 |
| 2. | സൗഭാഗ്യ | 75000 | നൻമണ്ട | 209790/ 18.02.2016 |
| 3. | നന്ദിനി | 75000 | ചീക്കിലോട് | 209791/ 18.02.2016 |
| 4. | ഹരിതം | 75000 | ചേളന്നൂർ | 209792/ 18.02.2016 |
| 5. | ഗ്രാമജ്യോതി | 75000 | രാമല്ലൂർ | 209793/ 18.02.2016 (225000 രൂ) |
| 6. | പ്രതീക്ഷ | 75000 | രാമല്ലൂർ | |
| 7. | തീർത്ഥങ്കര | 75000 | രാമല്ലൂർ | |
| 8. | ഐശ്വര്യ | 75000 | പുളിക്കിൽ പാറ | 209794 / 18.02.2016 |
| 9. | ഭാഗ്യശ്രീ | 75000 | പുന്നശ്ശേരി | 209795/ |

| | | | | |
|---|---|---|---|---|
| | | | | 18.02.2016 |
| 10. | നന്ദിനി | 75000 | അണ്ടിക്കോട് | 209796/ 18.02.2016 150000 രൂപ |
| 11. | ഗോകുലം | 75000 | അണ്ടിക്കോട് | |
| 12. | ഡാലിയ | 75000 | നരിക്കുനി | 209797/ 18.02.2016 225000 രൂപ |
| 13. | വർണം | 75000 | നരിക്കുനി | |
| 14. | ഓർക്കിഡ് | 75000 | നരിക്കുനി | |
| 15. | അനുഗ്രഹ | 75000 | പാവണ്ടൂർ | 209798/ 18.02.2016 150000രൂപ |
| 16. | ഉഷസ്സ് | 75000 | പാവണ്ടൂർ | |
| 17. | ഗംഗ | 75000 | ഒറ്റത്തെങ്ങ് | 209799/ 18.02.2016 225000 രൂപ |
| 18. | യമുന | 75000 | ഒറ്റത്തെങ്ങ് | |
| 19. | കാവേരി | 75000 | ഒറ്റത്തെങ്ങ് | |
| 20. | കുളിപ്പൊയിൽ | 75000 | എഴുകുളം | 209800/ 18.02.2016 225000 രൂപ |
| 21. | സ്നേഹ | 75000 | എഴുകുളം | |
| 22. | ക്ഷീര | 75000 | എഴുകുളം | |
| 23. | ഗോവർദ്ധനം | 75000 | ഇച്ചന്നൂർ | 209801/ 18.02.2016 |
| 24. | പ്രതിഭ | 75000 | പട്ടർ - പാലം | 209802/ 18.02.2016 |

പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. അംഗീകരിച്ച പ്രോജക്ടിന്റെ രൂപീകരണ ഫോറം പ്രകാരം മൃഗസംരക്ഷണമേഖലയിലാണ് പ്രോജക്ട് ഉൾപ്പെടുന്നത്. എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1) ാം വകുപ്പ് നാലാം പട്ടികയിൽ പരാമർശിക്കുന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഇനം IIപ്രകാരം മൃഗസംരക്ഷണമേഖലയിൽ ഇത്തരം ഫാമുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നല്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നില്ല.

2. പ്രോജക്ടിൽ വിഭാവനം ചെയ്ത മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം അർഹത നിർണയിച്ച ശേഷം ഗ്രാമസഭകളുടെ അംഗീകാരത്തോടെയാണോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല. ക്ഷീര സഹകരണ സംഘങ്ങൾ നല്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് പഞ്ചായത്ത് ഭരണസമിതികൾ അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭ്യമാക്കിയതായാണ് കാണുന്നത്. ഇത് ജനകീയാസൂത്രണത്തിന്റെ അന്തസത്തക്ക് വിരുദ്ധമാണ്.പ്രോജക്ടിലെ അർഹത മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാർക്കിട്ട്, ബന്ധപ്പെട്ട ഗ്രാമസഭകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. 16.11.2013 തിയ്യതിയിലെ സ.ഉ.(എം.എസ്)362/2013 തസ്വഭവ അനുബന്ധം16 – ഖണ്ഡിക 3.7 പ്രകാരം

സ്വയം തൊഴിലിന് ഗ്രൂപ്പുകൾക്ക് ആസ്തികൾ നല്കുമ്പോൾ പ്രോജക്ട് വായ്പബന്ധിതമായിരിക്കേണ്ടതാണ്. നല്കുന്ന സബ്സിഡി ബാങ്കിലാണ് അടക്കേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി ഇവിടെ സബ്സിഡി തുക ക്ഷീരസംഘങ്ങൾക്കാണ് നല്കിയത്.

4. വാങ്ങിയ പശുക്കളെ ഗ്രൂപ്പുകളുടെ പേരുകളിൽ കൈപ്പറ്റി അതാത് ഫാമുകളിലാണ് വളർത്തേണ്ടത്. എന്നാൽ ഇതിന് പകരം ഇവയെ ഗ്രൂപ്പ് അംഗങ്ങൾ ഓരോരുത്തരും സ്വന്തം നിലയിൽ കൈപ്പറ്റി സ്വന്തം വീടുകളിൽ വളർത്തുന്നതായാണ് കാണുന്നത്.ഇക്കാര്യം ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിലും ബോധ്യപ്പെട്ടു . ഇത് പ്രോജക്ടിലെ 'ഫാം' എന്ന ആശയത്തിന് വിരുദ്ധമാണ്.

5. ഓഡിറ്റിന്റെ ഭാഗമായി 10 ഗുണഭോക്താക്കളുടെ തൊഴുത്തുകൾ സന്ദർശിച്ചതിൽ ഒരാൾക്ക് മാത്രമേ ഇൻഷുറൻസ് രേഖകളിൽ പറയുന്ന അതേ ടാഗ് നമ്പറോട് കൂടിയ പശുവിനെ ഹാജരാക്കുവാൻ സാധിച്ചുള്ളൂ. മറ്റുള്ള എല്ലാ കേസുകളിലും ഇൻഷുറൻസ് രേഖകളിൽ പറയുന്ന ടാഗ് നമ്പറും ,പരിശോധന സമയത്തുള്ള ടാഗ് നമ്പറും വ്യത്യസ്തമാണ്. ആദ്യത്തെ ടാഗ് നഷ്ടപ്പെട്ടു പോയതിനാൽ പുതിയ ടാഗ് കുത്തിയതായാണ് എല്ലാ ഗുണഭോക്താക്കളും അറിയിച്ചത്. എന്നാൽ ഇവർക്കൊന്നും തന്നെ പുതിയ ടാഗ് ഇടുന്നതിനുള്ള ( പഴയ ടാഗ് നമ്പർ വ്യക്തമാക്കി കൊണ്ടുള്ളത് ) ആധികാരിക രേഖകൾ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഇൻഷുറൻസ് രേഖകളിൽ പറയുന്ന ടാഗ് നമ്പർ , നിലവിലുള്ള ടാഗ് നമ്പർ, നമ്പർ മാറ്റി നല്കുന്നതിനുള്ള ആധികാരിക രേഖ (പഴയ നമ്പർ വിശദമാക്കികൊണ്ടുള്ളത് ), ഇപ്രകാരം ടാഗ് നമ്പറിൽ വ്യത്യാസം വന്നത് ഇൻഷുറൻസ് ഏജൻസിയെ അറിയിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

6. പദ്ധതിയുടെ നടത്തിപ്പിൽ മോണിറ്റർ ചെയ്യേണ്ട ഘട്ടങ്ങളും ഘടകങ്ങളും പ്രോജക്ട് രൂപീകരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇത്തരമൊരു മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. രാമല്ലൂർ ക്ഷീര സംഘത്തിൽ പ്പെട്ട ഗ്രാമജ്യോതി, പ്രതീക്ഷ , തീർത്ഥങ്കര , നരിക്കുനി സംഘത്തിൽപ്പെട്ട ഡാലിയ, ഓർക്കിഡ്, എഴുകുളം സംഘത്തിൽപ്പെട്ട കുളിപ്പൊയിൽ, സ്നേഹ , ക്ഷീര എന്നീ ക്ഷീര കർഷക ഗ്രൂപ്പുകളുടെ കാര്യത്തിൽ, അംഗങ്ങൾക്ക് വിതരണം ചെയ്ത പശുക്കളെ കൈപ്പറ്റിയതിനുള്ള രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. കൈപ്പറ്റ് രേഖകൾ അടിയന്തരമായി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സംഘങ്ങൾ വികസനഫണ്ടിൽ നിന്നും കൈപ്പറ്റിയ മുഴുവൻ തുകയും പലിശ സഹിതം തിരിച്ചു പിടിക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഇതും സാധ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സർച്ചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

8. ശ്രീമതി. സുഹറാബി സി.വി, ബൈത്തുൽ റാഹ , അന്നശ്ശേരി പി.ഓ, തലക്കുളത്തൂർ (ഗോകുലം ക്ഷീര കർഷക ഗ്രൂപ്പ് , അണ്ടിക്കോട് ക്ഷീര സംഘം )എന്നയാൾക്ക് നല്കിയ പശു , ചത്തുപോയിട്ടുണ്ട്. നൻമണ്ട വെറ്റിറിനറി ഡിസ്പെൻസറിയിലെ സർജൻ 15.10.2016 തിയ്യതിയോടെ നല്കിയ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സഹിതം 17.10.2016 തിയ്യതിയിലുള്ള 183 / 16 നമ്പർ കത്ത് പ്രകാരം ചേളന്നൂർ ബ്ലോക്ക് ക്ഷീരവികസന ഓഫീസർ, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിക്ക് കത്ത് നല്കിയതാണെങ്കിലും നാളിതുവരെയായും ഇൻഷുറൻസ് ക്ലെയിം അനുവദിച്ച് കിട്ടിയിട്ടില്ല. ഇക്കാര്യത്തിലെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. അണ്ടിക്കോട് ക്ഷീരസംഘത്തിൽപ്പെട്ട ഗോകുലം ക്ഷീരകർഷക ഗ്രൂപ്പിലെ ശ്രീമതി തങ്കം, മഠത്തിൽ ചാലിൽ, അന്നശ്ശേരി പി.ഓ എന്ന ഗുണഭോക്താവിന്റെ വീട്ടിൽ സ്ഥലപരിശോധനക്ക് വേണ്ടി ഓഡിറ്റ് ടീം, ബ്ലോക്ക് ഓഫീസിലെ ക്ഷീരവികസന ഓഫീസ് അധികൃതരോടൊപ്പം പോയിരുന്നുവെങ്കിലും ഗുണഭോക്താവ് സ്ഥലത്ത് ഇല്ലാഞ്ഞതിനാൽ, വിതരണരേഖയോടൊപ്പമുള്ള ഫോട്ടോയിൽ കാണിച്ചിട്ടുള്ള പശുവിനെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. പശുവിനെ ,ഇൻഷുറൻസ് രേഖകൾ സഹിതം ചേളന്നൂർ ബ്ലോക്ക് ഓഫീസിൽ ക്ഷീരവികസന ഓഫീസർ മുമ്പാകെ ഹാജരാക്കുവാൻ ഗുണഭോക്താവിന് നിർദ്ദേശം നല്കേണ്ടതാണ്. ക്ഷീരവികസന ഓഫീസർ നിജസ്ഥിതി പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമനമ്പർ 2 മുതൽ 9 വരെയുള്ള അപാകതകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്. അതുവരെയും 18 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-10 എസ്.ജി.എസ്.വൈ വിപണന മേള – ചെലവിനത്തിലെ അവ്യക്തത

2015 – 16 വർഷത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ "എസ്.ജി.എസ്.വൈ - വിപണനമേള" എന്ന പ്രോജക്ടിലെ താഴെപ്പറയുന്ന വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 4/16 |
| ഭരണാനുമതി | 151/15-16 തിയ്യതി 26.02.2015 |
| അംഗീകാരം നല്കിയത് | ശ്രീ.ദിലീപ് എ.ഡി.സി , 25.05.2015 ലെ 51/adcgl/chlnr/15-16 ഉത്തരവ് പ്രകാരം |
| ചെലവ് തുക | 20835 രൂപ |
| ട്രഷറി ബിൽ നമ്പർ, തുക | 11/15-16 തിയ്യതി 20.10.2015 , 20835 രൂപ |
| ബാങ്കേഴ്സ് ചെക്ക് നമ്പർ/തിയ്യതി, തുക | 204333 / തിയ്യതി 27.10.2015, 20835 രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

24.08.2015 മുതൽ 26.08.2015 വരെ കോഴിക്കോട് കണ്ടംകുളം ജൂബിലി ഹാളിൽ വെച്ച് നടന്ന ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ വിപണന മേളയുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് മേൽ തുക വിനിയോഗിച്ചത്. ഇതിൽത്തന്നെ താഴെപ്പറയുന്ന തുകകൾ ബ്ലോക്ക് ഓഫീസിലെ വിവിധ ജീവനകാർക്കുള്ള ടി.എ / ലഘുഭക്ഷണം ഇനത്തിലാണ് ചെലവഴിച്ചത്.

| ജീവനക്കാരുടെ പേര് / ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (രൂപ) |
|---|---|
| ഷർമിള.കെ, വി.ഇ.ഒ ചീക്കിലോട് | 450 |
| ഷീന.ടി, വി.ഇ.ഒ കാക്കൂർ | 450 |
| സുസ്മിത.സി, വി.ഇ.ഒ പാലങ്ങാട് | 450 |
| ശിൽപ എം, വി,ഇ.ഒ പുന്നശ്ശേരി | 450 |
| മുരളീധരൻ.കെ | 450 |
| പി.മധു , E.O | 450 |
| രാംപ്രകാശ് . ബി.പി | 450 |
| കെ.കെ.ആനന്ദ് , E.O | 450 |
| മഞ്ജുള .പി , വി.ഇ.ഒ നന്മണ്ട | 450 |
| റീന മുണ്ടനാരി ,ക്ലാർക്ക് | 450 |
| ദീപ .എം , വി.ഇ.ഒ | 450 |
| ഷിനോദ് കുമാർ പി.കെ , വി.ഇ.ഒ | 450 |
| നിന വി.പി , വി.ഇ.ഒ കക്കോടി | 450 |
| കൃഷ്ണദാസൻ .കെ , വി.ഇ.ഒ മക്കട | 450 |
| രാധാമണി ടി.പി , ടൈപ്പിസ്റ്റ് | 450 |

| | |
|---|---|
| ലിഖിന കെ. ഒ.എ | 450 |
| കെ.രജ്മ (HA) | 450 |
| ഇ.രവീന്ദ്രൻ | 450 |
| ശശി കെ , വി.ഇ.ഒ നരിക്കുനി | 450 |
| സതീഷ് കുമാർ വി.ഇ.ഒ തലക്കുളത്തൂർ | 450 |
| ഗോഡ്സൺ , ജോയിന്റ് ബി.ഡി.ഒ | 450 |

ആകെ 9450 രൂപ

ബന്ധപ്പെട്ട വൗച്ചറുകളോടൊപ്പം മേൽ പരാമർശിച്ച ജീവനക്കാരുടെ യാത്രാഡയറി സമർപ്പിച്ചതായി കാണുന്നില്ല. ആയത് ഹാജരാക്കേണ്ടതാണ്.കൂടാതെ ഇത്തരം ചെലവുകൾ വികസന ഫണ്ടിൽ നിന്നും വഹിക്കുന്നത് അനുവദിച്ചുകൊണ്ട് സർക്കാർ അനുമതി നല്കിയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നല്കിയ 3 / 2015-16 നമ്പർ എൻക്വയറിക്ക് കൃത്യമായ മറുപടി ലഭിച്ചിട്ടില്ല.

## 3-11 സാമൂഹ്യ സുരക്ഷ മിഷന് കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

2015 – 16 വർഷത്തിൽ സാമൂഹ്യ സുരക്ഷ മിഷന് താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 3 /16 |
| പ്രോജക്ടിന്റെ പേര് | കേരള സാമൂഹ്യ സുരക്ഷ മിഷൻ - പ്രവർത്തനങ്ങൾക്ക് സംഭാവന |
| ഭരണാനുമതി | 151 / 2015 -16 തിയ്യതി 26.02.2015 |
| അംഗീകാരം നല്കിയത് | ശ്രീ.ദിലീപ് എ.ഡി.സി 25.05.2015 ലെ 50 / adcgl / chlnr / 15 -16 ഉത്തരവ് പ്രകാരം. |
| ട്രഷറി ബിൽ നമ്പർ / തിയ്യതി ,തുക | 6 / 15 – 16 തിയ്യതി 26.09.2015 , 2 ലക്ഷം രൂപ |
| തുക കൈമാറിയ ഡിഡി നമ്പർ , തുക | 203191 / 01.10.2015 , 2 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട്. |
| സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും ലഭിച്ച രശീതിന്റെ നമ്പറും തിയ്യതിയും | 17 / 28 തിയ്യതി 20.10.2015 |

കൈമാറിയ തുകക്കുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെയും 2 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-12 സമ്പൂർണ ശുചിത്വ പദ്ധതി - പഞ്ചായത്തിന് കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സമ്പൂർണ ശുചിത്വ പദ്ധതിയിൽ ഉൾപ്പെടുത്തി ,നൻമണ്ട ഗ്രാമപഞ്ചായത്തിലെ "മാലിന്യ സംസ്കരണം - ഏറോബിക് ബിൻ സ്ഥാപിക്കൽ " പ്രോജക്ടിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1 ലക്ഷം രൂപ 2015 -16 വർഷത്തിൽ കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്ട് നമ്പർ | 20 / 16 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമ്പൂർണ്ണ ശുചിത്വ പദ്ധതി |
| നൻമണ്ട ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക | 1 ലക്ഷം രൂപ |
| ഫണ്ട് | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിർമ്മൽ പുരസ്കാര ഫണ്ട്. |
| ചെക്ക് നമ്പർ , തുക | 924095 / 07.09.2015 , 1 ലക്ഷം രൂപ |
| നൻമണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ രശീത് തിയ്യതി | 15.09.2015 |
| ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. |

കൈമാറിയ തുകക്കുള്ള വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് , നൻമണ്ട ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. അതുവരെയും 1 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-13 ഐ എ വൈ-പണിതീരാത്ത ഭവനങ്ങൾ -സംബന്ധിച്ച്

2015-16 വർഷത്തിൽ സെക്രട്ടറി നിർവഹണം ചെയ്ത് ഭവന നിർമ്മാണത്തിനായി തുക വിനിയോഗിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വികസന ഫണ്ട് (ജനറൽ)

1.പ്രോജക്ട് നം-10/16-ബിൽ നം-520/0020118/25.01.2016-തുക-3186449/-

2.പ്രോജക്ട് നം-10/16-ബിൽ നം-520/0020120/29.02.2016-തുക-141551/-

3.പ്രോജക്ട് നം-10/16-ബിൽ നം-520/0020173/31.03.2016-തുക-2432000/-

4.പ്രോജക്ട് നം-16/16-ബിൽ നം-520/0020171/31.03.2016-തുക-192000/-

5.പ്രോജക്ട് നം-83/16-ബിൽ നം-520/0020174/31.03.2016-തുക-10,00,000/-

വികസന ഫണ്ട് (എസ് സി)

1.പ്രോജക്ട് നം-13/16-ബിൽ നം-520/0020119/29.02.2016-തുക-20,80,000/-

2.പ്രോജക്ട് നം-04/16-ബിൽ നം-520/0020151/28.03.2016-തുക-170504/-

3.പ്രോജക്ട് നം-13/16-ബിൽ നം-520/0020169/31.03.2016-തുക-576000/-

4.പ്രോജക്ട് നം-8216-ബിൽ നം-520/0020170/31.03.2016-തുക-1024000/-

5.പ്രോജക്ട് നം-17/16-ബിൽ നം-520/0020172/31.03.2016-തുക-320000/-

6.പ്രോജക്ട് നം-84/16-ബിൽ നം-520/0020175/31.03.2016-തുക-28,00,000/-

7.പ്രോജക്ട് നം-8516-ബിൽ നം-520/0020176/31.03.2016-തുക-8,00,000/-

വികസന ഫണ്ട് (എസ് ടി)

1.പ്രോജക്ട് നം-15/16-ബിൽ നം-520/0020121/29.02.2016-തുക-3000/-

2.പ്രോജക്ട് നം-15/16-ബിൽ നം-520/0020166/31.03.2016-തുക-242496/-

ബ്ലോക്കിൽ നിന്നും 2015-16 വരെ അനുവദിച്ച,എന്നാൽ നിലവിൽ വീടുപണി പൂർത്തീകരിച്ചിട്ടില്ലാത്ത ഭവനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അനുവദിച്ച വർഷം | പൂർത്തീകരിക്കാൻ ബാക്കിയുള്ളവ |
|---|---|---|
| 1 | 2006-07 | 2 |
| 2 | 2007-08 | 13 |
| 3 | 2008-09 | 20 |
| 4 | 2009-10 | 18 |
| 5 | 2010-11 | 25 |
| 6 | 2011-12 | 9 |
| 7 | 2012-13 | 27 |
| 8 | 2013-14 | 17 |
| 9 | 2014-15 | 51 |
| 10 | 2015-16 | 147 |
| ആകെ | | 329 |

ഇനിയും 329 ഭവനങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.ഇതിൽ അഞ്ചു മുതൽ ഒമ്പത് വർഷം വരെ പഴക്കമുള്ളവയും ഉൾപ്പടുന്നു.അനുവദിച്ച് ഇത്രയും വർഷങ്ങൾക്ക് ശേഷവും പൂർത്തീകരിക്കാത്ത ഈ ഭവനങ്ങളുടെ കാര്യത്തിൽ ഐ എ വൈ മാനദണ്ഡങ്ങളിൽ നിഷ്കർഷിക്കുന്ന എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കേണ്ടതാണ്.

## 3-14 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം-66/15-16

പേര്-പ്രൊഫഷണൽ,പി ജി,കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് ലാപ് ടോപ്പ്

വകയിരുത്തിയത്-വികസന ഫണ്ട് (എസ് സി)-14,00,000/-

ചെലവ് - " -10,88,000/-

ബിൽ നം -സി.ബി നം.1/15-16,തീയതി-29.03.2016

നിർവഹണ ഉദ്യോഗസ്ഥൻ -എസ് സി ഡി ഒ

2015-16 വർഷം എസ് സി ഡി ഒ നടപ്പിലാക്കിയ മേൽ പ്രോജക്ട് കേരള പഞ്ചായത്ത് രാജ് ആക്ട് 1994,വകുപ്പ് 172,ഉപവകുപ്പ് (1),പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതാണ്.

പട്ടിക (4) പ്രകാരം പട്ടിക ജാതി -പട്ടിക വർഗ്ഗ വികസനത്തിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെട്ടത്

1.പ്രി മെട്രിക് ഹോസ്റ്റലുകൾ നടത്തുക

2.പട്ടികജാതി-പട്ടിക വർഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക

എന്നിവയാണ്.

സ ഉ(എം എസ്)നം362/2013/തസ്വഭവ,തീയതി-16.11.2013,ഖണ്ഡിക 12.3(ii)ൽ ആക്ട് പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ വരുന്ന കാര്യങ്ങൾ ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാക്കിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് പരാമർശിച്ചിരിക്കുന്നു.ആയതിനാൽ ബ്ലോക്കിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ട് രൂപീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് -വാഹന ഉപയോഗം -സംബന്ധിച്ച്

പ്രോജക്ട് നം-68/15-16

പേര്-പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി

അടങ്കൾ-1,00,000/-

ചെലവ് -1,00,000/-

ബിൽ നം-സി ബി നം-1/15-16 തീയതി-17.02.2016

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,സി എച്ച് സി,തലക്കുളത്തൂർ

മേൽ കാണിച്ച ബില്ലിന്റെ ചെലവുമായി ബന്ധപ്പെട്ട പരിശോധനയിൽ 2105 ഡിസംബർ മുതൽ 2015 മാർച്ച് വരെ പെയിൻ ആന്റ് പാലിയേറ്റിവ് വാഹനത്തിന് (മാരുതി വാൻ)ഇന്ധന ചെലവിനായി 9,274/-രൂപ ചെലവഴിച്ചതായി കാണുന്നു. പാലിയേറ്റിവ് പരിചരണ മാർഗ്ഗരേഖ 2015 ഖണ്ഡിക 2.6.5പ്രകാരം ഹോംകെയർ വാഹനത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

തലക്കുളത്തൂർ സി എച്ച് സി യിലെ പെയിൻ ആന്റ് പാലിയേറ്റിവ് വാഹനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പെയിൻ ആന്റ് പാലിയേറ്റിവ് വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസർ ആയിരിക്കുന്നതിനാൽ ഇക്കാര്യത്തിനായി ലഭിച്ച വാഹനം ആരോഗ്യസ്ഥാപനത്തിന്റെ സ്റ്റോക്ക് റജിസ്റ്ററിൽ ചേർക്കേണ്ടതാണ്.എന്നാൽ ആയത് സ്റ്റോക്കിൽ എടുത്തിട്ടില്ല.

2.ഓരോ തവണ ഇന്ധനം നിറക്കുമ്പോഴും ഫുൾ ടാങ്ക് നിറക്കണം,എന്നാൽ ലോഗ് ബുക്ക് പ്രകാരം ഫുൾ ടാങ്കല്ല ഇന്ധനം നിറക്കുന്നത്.

3.നിശ്ചിത സമയങ്ങളിൽ ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തേണ്ടതാണ്.എന്നാൽ വാഹനം സി എച്ച് സിക്ക് ലഭിച്ചതിനുശേഷം ഒരിക്കൽ പോലും ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| -- | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം |
| 2003-04 | 3-3എ,ബി | 2005-06 | 70 | എസ്.ജി.ആർ വൈ റോഡുകൾക്ക് അധിക നിരക്ക് നൽകി. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93792862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85121882 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,87,693/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,28,835 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,70,708/- | ശ്രീ.പി ഇബ്രാഹിം കുട്ടി<br>അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 16,985/- | ശ്രീ.പി ഇബ്രാഹിം കുട്ടി<br>അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 20,00,000/- | ശ്രീമതി.സ്മിത എം കെ, ഡി ഇ ഒ |
| 3-5 | 8,40,000/- | ശ്രീമതി.ഉഷ,സെക്രട്ടറി |
| 3-6 | 35,646/- | ശ്രീമതി.ഉഷ,സെക്രട്ടറി |
| 3-7 | 1,36,990/- | ശ്രീമതി.കബനി,സെക്രട്ടറി |
| 3-8 | 28,199/- | ശ്രീമതി രേഷ്മ എൻ ആർ<br>എ ഡി എ |
| 3-9 | 18,00,000/- | ശ്രീമതി.സ്മിത എം കെ,<br>ഡി ഇ ഒ |
| 3-11 | 2,00,000/- | ശ്രീമതി.കബനി,സെക്രട്ടറി |
| 3-12 | 1,00,000/- | ശ്രീമതി.കബനി,സെക്രട്ടറി |
| 3-14 | 10,88,000/- | ശ്രീ.ഷാജു കെ<br>എസ് സി ഡി ഒ |
| ആകെ | 62,28,835 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഇബ്രാഹിം കുട്ടി,<br>അസി എക്സി.എഞ്ചിനീയർ | എൽ എസ് ജി ഡി<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | വെങ്കനക്കുന്നുമ്മൽ,<br>കോട്ടവയൽ,<br>പടനിലം പി ഒ<br>കോഴിക്കോട് |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96,96-97,97-98 | എൽ.എഫ്.കെ.കെ.ഡി പി1/317/99 തി 28.6.99 | 1 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി എസ്1/176/2000 തി 5.6.00 | 2 | |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി എസ്1/393/2001 തി 12.9.01 | 5 | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി എസ്1/155/2002 തി 6.6.02 | 6 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡിഎസ് 1/1191/2003 തി 17.2.04 | 4 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി പി 6/638/2004 തി 21.10.04 | 5 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി പി6/471/005 തി 2.7.05 | 3 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി എസ് 3/1003 /2008 തി 8.9.08 | 3 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി എസ് 1/6/009 തി 25.3.09 | 8 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി എസ് 1/846/09 തി 11.11.09 | 19 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി എസ്1/948/10 തി 3.11.10 | 7 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡിഎസ് 4/1370/2010 തി 18.5.11 | 10 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡിഎസ് 1/2012/2011 തി 14.2.2012 | 11 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി എസ്1/770/2012 തി 12.7.2012 | 7 | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി പി 7/1479/12 തി 10.10.12 | 15 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി പി 7/ 562/15 തി 1.6.15 | 6 | |
| 2013-14,<br>2014-15 | കെ എസ് എ/കെ കെ ഡി/പി5/1951/2016<br>തീയതി-26.10.2016 | 17 | |

ജോയിൻറ് ഡയറക്ടർ

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി7/424/17.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി 20-3-2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി

കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No. KSA KKD/P7/424/2017.

Kerala State Audit Department,

District Audit Office,Civil station, Kozhikode

Phone:04952371012

Email:- dokkd.ksad.kerala.gov.in

Dated: 20-03-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chelannur Block Panchayat in Kozhikode District for the year ended on 31-03-2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statement of Chelannur Block Panchayat for the year 2015-16 except the observations in My audit report properly presents the picuture of income and expenditure.

Joint Director
KERALA STATE AUDIT DEPARTMENT.